LIBRARY ARCHIVES Kerala Legislative Assembly

**കൊയിലാണ്ടി മണ്ഡലത്തിൽ മാതൃകാ കോളനി വികസന പദ്ധതി**

**287 (2843)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വകുപ്പിൻ കീഴിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഏതെല്ലാം കോളനികളാണ് മാതൃകാ കോളനി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ബി) അടിസ്ഥാന സൗകര്യ വികസനത്തിന് ഈ കോളനികളിൽ ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ ; മൂടാടി പഞ്ചായത്തിലെ വലിയമല കോളനിയിൽ പദ്ധതി നടപ്പാക്കുന്നതിൽ പട്ടികജാതി ജില്ലാ വികസന ഓഫീസിൽ നിന്നുള്ള മേൽനോട്ടവും ഇടപെടലും ഫലപ്രദമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് മുൻ നിയമസഭാ സമ്മേളനങ്ങളിൽ പ്രശ്നം ഉന്നയിച്ചിട്ടും വകുപ്പിൽ നിന്ന് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതിൽ കുറ്റകരമായ അനാസ്ഥയുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മണ്ഡലത്തിലെ മാതൃകാ കോളനി വികസന പദ്ധതി എന്ന് പൂർത്തികരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂടാടി പഞ്ചായത്തിലെ വലിയമല കോളനിയെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) നടപ്പാതയുടെ നിർമ്മാണം 75 മീറ്റർ പൂർത്തിയായി. റോഡ് നിർമ്മാണത്തിനായി മെറ്റൽ ശേഖരിച്ചിട്ടുണ്ട്. കോളനി നിവാസികളുടെ എതിർപ്പ് കാരണം നിർമ്മാണപ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടിട്ടുണ്ട്. കുടിവെള്ള പദ്ധതി പൂർത്തീകരിച്ചാൽമാത്രമേ മറ്റ് പ്രവൃത്തികൾ നടത്താൻ അനുവദിക്കൂ എന്ന് കോളനി നിവാസികൾ അറിയിച്ചിട്ടുണ്ട്.

പദ്ധതി നടപ്പാക്കുന്നതിൽ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നുള്ള മേൽനോട്ടവും ഇടപെടലും ഫലപ്രദമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും അതിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ പങ്കെടുക്കുകയും ചെയ്തിരുന്നു. കൂടാതെ ജില്ലാ പട്ടികജാതി വികസന ഓഫീസിലും ജില്ലാകളക്ടറുടെ ചേമ്പറിലും നിർവ്വഹണ ഏജൻസികളുമായി പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് യോഗം ചേരുകയുണ്ടായി.

നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടികജാതി ക്ഷേമ സഹകരണ സംഘങ്ങൾ**

**288 (2844)** ശ്രീ. കെ. കാഡ്ഡാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പട്ടികജാതി ക്ഷേമ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതെല്ലാം സഹകരണ സംഘങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംഘങ്ങൾക്ക് സർക്കാർ മൂലധന നിക്ഷേപം വർദ്ധിപ്പിച്ച് കൂടുതൽ കാര്യക്ഷമമാക്കുവാനും പരമാവധി പട്ടികജാതി വിഭാഗക്കാർക്ക് പ്രയോജനം ലഭിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി ക്ഷേമ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി എസ്.സി./എസ്.റ്റി. ഫെഡറേഷൻ, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സ്വയംസഹായ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനും അവയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പട്ടികജാതി സഹകരണ സംഘങ്ങളിലെ കമ്മിറ്റി അംഗങ്ങൾക്ക് പരിശീലന പരിപാടി സംഘടിപ്പിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly